# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 5/10/12

(18 Dhul-Qaddah 1443 Hijri)

Hazrat Khalifathullah Munir Ahmad Azim (A)

ഹസ്രത്ത് മുഹ്‌യിദ്ദീൻ (ATBA) തന്റെ എല്ലാ അനുചരന്മാർക്കും ലോകത്തുള്ള എല്ലാ മുസ്‌ലീംകൾക്കും സമാധാനാഭിവാദ്യം നേർന്നു കൊണ്ടും ഇന്ത്യ, ട്രിനി ഡാഡ്, ടുബാഗോ എന്നീ രാജ്യങ്ങളെ പ്രത്യേകമായി സ്മരിച്ചു കൊണ്ടും തശഹ്ഹുദും തഅവ്വുദും സൂറ: അൽഫാത്തിഹയും ഓതിയ ശേഷം ഇപ്ര കാരം പറഞ്ഞു.

എന്റെ ഇന്നത്തെ വെള്ളിയാഴ്ച പ്രഭാഷണം ധനത്യാഗവുമായി ബന്ധപ്പെട്ടുള്ളതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തു സ്സഹീഹിൽ ഇസ്‌ലാം അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന മേഖല യിൽ ഒരുപാടു മുന്നേറിക്കൊണ്ടിരിക്കുന്നു. ലോകത്തിന്റെ നാലു മൂലകളിലേക്കും ഈ സന്ദേശം പ്രചരിപ്പി ക്കപ്പെടുകയും ചെയ്തു കൊണ്ടിരിക്കുന്നു. അല്ലാഹുവിനു സ്തുതി (അൽഹംദുലില്ലാഹ്).

## മതപ്രചാരകന്മാരുടെ ആവശ്യകത

സന്ദേശം പ്രചരിപ്പിക്കപ്പെടുന്നു എന്നത് വാസ്തവമാണെങ്കിലും ആ രാജ്യങ്ങളിലൊന്നും സത്യാന്വേ ഷികളെ സംരക്ഷിക്കുവാനും മാർഗ്ഗദർശനം നൽകുവാനുമായുള്ള മതപ്രചാരകന്മാർ അഥവാ ദാഈ ഇല ല്ലാഹ് ഇല്ല. ഒരു വൃക്ഷത്തെ നടുകയും അതു വളർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ കളകൾ അതിനെ ആക്രമിക്കുവാനും അത് ഉണങ്ങിപ്പോകാനുമുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നു. എന്തു കൊണ്ടാണത് ? ഈ വൃക്ഷം വളർന്നു പൂവിട്ട് ഭാവിയിൽ ഫലങ്ങൾ ഉണ്ടാകണമെങ്കിൽ അതു ചെറുപ്പ ത്തിലെ തന്നെ സംരക്ഷിക്കപ്പെടണം. അതിനായി നല്ലൊരു തോട്ടക്കാരൻ ഇല്ലെന്നുള്ളതാണ് വൃക്ഷം ഉണങ്ങി പ്പോകാനുള്ള കാരണം. ഒരു നല്ല തോട്ടക്കാരൻ ഉണ്ടെങ്കിൽ കളകൾക്കു വളരാൻ അവസരം ലഭിക്കില്ല. ഫല വൃക്ഷത്തേക്കാൾ വേഗതയിൽ കളകൾ വളരുന്നുണ്ടോ എന്ന് അദ്ദേഹം ശ്രദ്ധിക്കുന്നു. ഫലവൃക്ഷത്തിനു വളരാൻ സമയം വേണം. എന്നാൽ അതു വളർന്നു മണ്ണിൽ ഉറച്ചു കഴിഞ്ഞാൽ ആർക്കും അതിനെ പിഴുതെ റിയാൻ സാദ്ധ്യമല്ല. വൃക്ഷം ധാരാളം ഫലങ്ങൾ തരികയും ചെയ്യും.

## ജമാഅത്ത് അംഗങ്ങളുടെ കടമ

അതിനാൽ, മതപ്രചാരണത്തിനായി ജീവിതം അർപ്പിക്കുവാൻ, തയ്യാറുള്ള പ്രവർത്തകരെ അഥവാ വഖ്ഫി അർസി മാരെ നമുക്ക് ആവശ്യമുണ്ട്. അവർ എല്ലാ രാജ്യങ്ങളിലും പ്രവർത്തിക്കണം. അല്ലാവുവിന്റെ ഏകത്വത്തെപറ്റിയും സഹീഹിൽ ഇസ്‌ലാമിനെ പറ്റിയും അവർ പഠിപ്പിക്കണം. ഇസ്‌ലാമിന്റെ ആധികാരികത വ്യക്തമാക്കണം. മനുഷ്യ ഹൃദയങ്ങളിൽ കടന്നുകൂടിയിട്ടുള്ള വിഗ്രഹമൂർത്തികളെ തച്ചുടക്കണം. പുതിയ അംഗങ്ങളെ പഠിപ്പിക്കണം (തർബിയ്യത്തു ചെയ്യണം.) അല്ലാഹുവിന്റെ ഏകത്വത്തിൽ (തൗഹീദ്) കീഴിൽ അവരെ വീണ്ടും ഒരുമിച്ചു കൂട്ടണം. നിങ്ങളെ അന്ധകാരത്തിൽ നിന്നു രക്ഷപ്പെടുത്തി വെളിച്ചത്തിലേക്കു കൊണ്ടു വരാനായി സർവ്വശക്തനായ അല്ലാഹു ഈ വീനിതദാസനെ അയച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യവും ദിവ്യവെ ളിപാടുകളും പ്രചരിപ്പിക്കണം, അതുകൊണ്ടു തന്നെ ഇത് എല്ലാവരാലും കഴിയുന്ന ഒരു പ്രവൃത്തിയല്ല പ്രത്യേ കിച്ചും അല്ലാഹുവിന്റെ ദൂതൻ നിങ്ങൾക്കിടയിൽ ഉള്ളപ്പോൾ, അതു കൂടുതൽ ഉത്തരവാദിത്വമുൾക്കൊള ളുന്ന ജോലിയാണ്. എന്നാൽ ജമാ അത്തു സഹീഹ് അൽ ഇസ്‌ലാമിൽ അംഗമായ എല്ലാവർക്കും ഈ യത്നത്തിൽ പങ്കുചേരാവുന്നതാണ്. അല്ലാഹു ദൂതന്മാരെ അയക്കുമ്പോഴെല്ലാം തന്നെ ആദ്യഘട്ടത്തിൽ വളരെ കുറച്ചു ജനങ്ങൾ മാത്രമേ അദ്ദേഹത്തെ സ്വീകരിക്കുകയുള്ളൂ. അവർ സാധുക്കളുമായിരിക്കും. ഒരുപാടു പരീക്ഷണങ്ങൾക്കു വിധേയമാക്കപ്പെടുന്നവരും ആയിരിക്കും. പക്ഷേ അവരുടെ ഹൃദയങ്ങൾ ദരിദ്രമല്ല എന്നത് ഒരു വസ്തുതയാണ്.

## തിരുനബി (സ) യുടെ അനുചരന്മാരുടെ മാതൃക

തിരുനബി (സ) യുടെ കാലത്ത് അദ്ദേഹത്തിന്റെ അനുയായികൾ (സഹാബാക്കൾ) ചന്തയിൽ പണിയെടുത്തിരുന്നത്, കിട്ടുന്ന തുക അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാനായിരുന്നു എന്നത് നമുക്കറിയാവുന്നതാണ്. അല്ലാഹുവിന്റെയും ദൂതന്റെയും സന്ദേശവും ഇസ്‌ലാം എന്ന മതവും പ്രചരിപ്പിക്കുവാനായി ധനത്യാഗം ചെയ്യാൻ ഉത്സുകരായിരുന്നു അവർ. പ്രവാചകന്മാർ വന്നിട്ടുളള കാലഘട്ടങ്ങളിലെല്ലാം ദൈവിക സന്ദേശം പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായുള്ള ഭൗതിക വിഭവങ്ങളും സമ്പത്തിന്റെ അഭാവവുമുണ്ടെങ്കിൽ തന്നെ അല്ലാഹു അതു നികത്തിയിരുന്നു. എല്ലാ ആത്മാർത്ഥ സത്യവിശ്വാസികൾക്കും ദൈവിക സന്ദേശം സ്വീകരിക്കുവാനും അതു പ്രചരിപ്പിക്കുവാനായി കഠിനമായി പ്രവർത്തിക്കുവാനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനത്യാഗം ചെയ്യുവാനുമുള്ള എല്ലാ സാഹചര്യങ്ങളും അല്ലാഹു ഒരുക്കിയിരുന്നു. അതേ പോലെ തന്നെ ജമാ അത്തു സഹീഹ് അൽ ഇസ്‌ലാമും പുരോഗതി പ്രാപിക്കുകയാണ്. നമുക്കും ഇത്തരുണത്തിൽ ധനം ആവശ്യമുണ്ട്. അതുകൊണ്ട് തന്നെയാണ്, കലിമ (വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തൽ), നമസ്ക്കാരം (നിർബന്ധമാക്കപ്പെട്ട പ്രാർത്ഥന), നോമ്പ് (പ്രതാനുഷ്ഠാനം) എന്നീ അടിസ്ഥാന സ്തൂപങ്ങൾക്കൊപ്പം സക്കാത്ത് അഥവാ നിർബന്ധമാക്കപ്പെട്ട ധനത്യാഗം എന്നതും ഇസ്‌ലാം മതത്തിന്റെ ഒരു അടിസ്ഥാന സ്തൂപമായി അല്ലാഹു നിർണ്ണയിച്ചിരിക്കുന്നത്.

## സക്കാത്തിന്റെ ആവശ്യകത / പ്രാധാന്യം

നമസ്ക്കാരത്തെപ്പറ്റി പറയുമ്പോഴെല്ലാം തന്നെ സക്കാത്തിനെ പറ്റിയും അല്ലാഹു വിശുദ്ധ ഖുർ ആനിൽ പലയിടങ്ങളിലായി പറയുന്നുണ്ട്. നമസ്ക്കാരവും സക്കാത്തും പലപ്പോഴും ഒരുമിച്ചു തന്നെയാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ ജമാഅത്തു സഹീഹ് അൽ ഇസ്‌ലാമിന് മറ്റേതൊരു സംഭാവനയേക്കാളും സക്കാത്ത് എന്നത് വളരെ പ്രധാനപ്പെട്ടതാണ്. അതു നിർബന്ധമാക്കപ്പെട്ട കടമ അഥവാ ഫർസ് ആണ്. നിർബന്ധമാക്കപ്പെട്ടതു (ഫർസ്) ചെയ്യാതിരിക്കുകയും സ്വമേധയാ ചെയ്യുന്നത് അഥവാ നഫ്ൽ മാത്രം നടപ്പാക്കുകയും ചെയ്യുന്നതിൽ എന്ത് അർത്ഥമാണുള്ളത് ? സത്തും ഗുണവും എല്ലാം നഷ്ടപ്പെട്ടു വരണ്ട ഒരു ഓറഞ്ചു പോലെ മാത്രമാണ് അത്. വിശ്വാസികളിൽ അല്ലാഹുവിനാൽ തന്നെ ചുമത്തപ്പെട്ട നിർബന്ധകടമയാണ് ഫർസ് എന്നത്. മറ്റേതു സംഭാവനകൾ ചെയ്യുന്നതിനേക്കാളും നിർബന്ധമാണ് ഇത്. സക്കാത്തു തുക കൊണ്ട് മതപരമായ പല കാര്യങ്ങളും ചെയ്യാൻ കഴിയും (ദീനീകാര്യങ്ങൾ). പക്ഷേ നിർഭാഗ്യവശാൽ ഇന്നത്തെക്കാലത്ത് മനുഷ്യർ അവർ തന്നെ രൂപപ്പെടുത്തിയെടുത്ത ഫണ്ടുകൾക്കു പ്രാധാന്യം നൽകുകയും സക്കാത്ത് എന്നതിനെ കാലിനടിയിൽ ചവിട്ടിയരക്കുകയുമാണ് ചെയ്യുന്നത്. സർവ്വശക്തനായ അല്ലാഹു തന്റെ ദൂതന്മാർ മുഖേന ഇറക്കിത്തരുകയും വിശുദ്ധ ഖുർആനിൽ പ്രസ്താവിയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നതായ കാര്യങ്ങൾ മനുഷ്യർ പരിഗണിക്കുന്നതേയില്ല. അല്ലാഹുവിന്റെ സൃഷ്ടികൾ അഥവാ അവർ തന്നെ ചെയ്യുന്നതിനെ പരിഗണിക്കുവാനാണ് അവർ ഇഷ്ടപ്പെടുന്നത്. ലക്ഷക്കണക്കിനു രൂപകൾ ലോകത്തു വന്നു മറിയുന്നുണ്ടെങ്കിലും അതെല്ലാം കളവും വഞ്ചനയും അഴിമതിയും നിറഞ്ഞതാണ്. ആ പണം അല്ലാഹുവിന്റെ അനുഗ്രഹം ഉള്ളതല്ല.

ഈ കാലഘട്ടത്തിന്റെ ഖലീഫത്തുല്ല എന്ന സ്ഥാനത്തു നിന്നു കൊണ്ട് ഞാൻ പറയുന്നു നമ്മൾ- ജമാ അത്തു സഹീഹ് അൽ ഇസ്‌ലാം അഥവാ എന്റെ എല്ലാ അനുയായികളും സക്കാത്തു ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യണം. സക്കാത്ത് എന്നത് ഇസ്‌ലാമിന്റെ നാലാമത്തെ അടിസ്ഥാന സ്തൂപമാണ്. വളരെ പ്രധാനപ്പെട്ടതും മഹത്തരവുമായ ഒരു പ്രവൃത്തിക്കുവേണ്ടി സർവ്വ ശക്തനായ അല്ലാഹു നമ്മെ തെരഞ്ഞെടുത്തിരിക്കുകയാണ്. അതു പ്രാവർത്തികമാക്കാൻ നാം സക്കാത്തു കൂടി ചെയ്തെങ്കിലേ മതിയാകൂ. അതിനാൽ ജമാ അത്തു സഹീഹ് അൽ ഇസ്‌ലാമിലെ ഓരോ വ്യക്തിയും അവന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്. ധനത്യാഗത്തിന്റെ യഥാർത്ഥമായ പ്രാധാന്യം ഇപ്പോഴും മനസ്സിലായിട്ടില്ലാത്തവർ നമ്മുടെയിടയിലുണ്ട്. അതുകൊണ്ടാണ് ഉത്തരവാദിത്വം ഏറ്റെടുക്കണം എന്നു ഞാൻ പ്രത്യേകമായി എടുത്തു പറയു

ന്നത്. ഇനി മറ്റൊരു കൂട്ടരുണ്ട്. പുതിയ ഉപജീവനമാർഗ്ഗങ്ങളും ജോലി സാദ്ധ്യതകളും കണ്ടെത്തി സാമ്പത്തിക ഭദ്രത നേടിയെടുത്തവർ. ഇതിനു മുൻപ് അവർ മാതാപിതാക്കളെയാണ് ആശ്രയിച്ചിരുന്നത്. സാമ്പത്തികമായി സുരക്ഷിതരായാലെങ്കിലും അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം സംഭാവന ചെയ്യേണ്ടതല്ലേ ? അവർ അതു ചെയ്യുന്നില്ല. ഇതിനു കാരണം മാതാപിതാക്കൾ തന്നെയാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ, അല്ലാഹുവിന്റെ സംതൃപ്തിയ്ക്കായി ധനത്യാഗം ചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് മാതാപിതാക്കൾ അവർക്കു പറഞ്ഞു കൊടുത്തിട്ടില്ല, പഠിപ്പിച്ചിട്ടില്ല, പ്രവൃത്തിച്ചു മാതൃക കാണിച്ചു കൊടുത്തിട്ടുമില്ല. ഓ! അവനിപ്പോൾ ജോലിയിൽ പ്രവേശിച്ചതല്ലേ ഉള്ളൂ. അപ്പോൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനത്യാഗം എന്നൊരു ഭാരം കൂടി നമ്മൾ മാതാപിതാക്കൾ അവന്റെ ചുമലിൽ ചെലുത്താൻ പാടുള്ളതല്ല എന്നവർ ചിന്തിക്കുന്നു. ഇനി മറ്റൊരു കൂട്ടരാവട്ടെ - അവർ പുതുതായി ഈ ജമാ അത്തിൽ പ്രവേശിച്ചവരാണ്. അവർ ധനത്യാഗം ചെയ്യാൻ കഴിവുള്ളവരാണ്. പക്ഷേ ഇക്കാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കാൻ ആരും ശ്രദ്ധ ചെലുത്തുന്നില്ല. ഇതിനായി ധനത്യാഗ വ്യവസ്ഥയുടെ ഒരു ഉദ്ഗ്രഥനം ആവശ്യമുണ്ട്.

ജമാ അത്തു സഹീഹ് അൽ ഇസ്‌ലാമിന് ഒരുപാടു ജോലികൾ പൂർത്തിയാക്കേണ്ടതായുണ്ട്. ഒരുപാട് ആളുകൾ ഈ ജമാഅത്തിലേക്ക് പ്രവേശിച്ചു കൊണ്ടിരിക്കുന്നു (അൽഹംദുലില്ലാഹ്) നാം അവരെ ശ്രദ്ധിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്. നാം അവരുടെ രാജ്യങ്ങളിലേക്ക് മതപ്രചാരകന്മാരെ അയക്കണം. ഒരുമിച്ചു പ്രാർത്ഥിക്കാനായി ഒരു സ്ഥലം കണ്ടെത്തുക, മതപരമായ പ്രവൃത്തികളും മതവിദ്യാഭ്യാസവും ചെയ്യുക, പുതിയ അംഗങ്ങളുടെ കുട്ടികളുടെ മതവിദ്യാഭ്യാസം ഏറ്റെടുക്കുക - ഇതെല്ലാമാണ് മതപ്രചാരകന്മാരിൽ നിക്ഷിപ്തമായിരിക്കുന്ന കടമ. ഒരു ജമാ അത്തിന് ഒരുപാടു ചെലവുകൾ ഉണ്ട്. സർക്കാരിൽ നിന്നോ ജമാഅത്ത് അംഗങ്ങൾ അല്ലാത്തവരിൽ നിന്നോ ധനസഹായം ആവശ്യപ്പെട്ടു കൊണ്ടു പ്രവർത്തിക്കുവാനല്ല അല്ലാഹുവിന്റെ ജമാ അത്ത് സ്ഥാപിതമായിരിക്കുന്നത്. നാം തന്നെയാണ് സർവ്വ ശക്തനായ അല്ലാഹുവിനു വേണ്ടി ധനത്യാഗം ചെയ്യേണ്ടത്. കാരണം അല്ലാഹു ധനത്യാഗത്തെ ഇസ്‌ലാം മതത്തിന്റെ അടിത്തറയാക്കി മാറ്റിയിരിക്കുന്നു. എന്തെല്ലാം പ്രവൃത്തികളാണു ചെയ്യാനുള്ളത് എന്ന് നന്നായി അറിയുന്നവൻ അല്ലാഹു ആകുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനത്യാഗം ചെയ്യുന്നവരെക്കുറിച്ചജും അല്ലാഹു അറിവുള്ളവനാണ്. അല്ലാഹു തന്നെയാണ് അവർക്കു പ്രതിഫലം നൽകുന്നതും. നിങ്ങൾ വിതയ്ക്കുന്നത് നിങ്ങൾ കൊയ്യുക തന്നെ ചെയ്യും. മറ്റൊരു തരത്തിൽ പറഞ്ഞാൽ നിങ്ങൾ വിതയ്ക്കുന്നതു മാത്രമേ നിങ്ങൾക്കു കൊയ്യാൻ കഴിയുകയുള്ളൂ. ധനത്യാഗം എന്ന മഹത്തരമായ വിത്തു വിതച്ചുൽ നിങ്ങൾക്കു കൊയ്ത് എടുക്കാൻ കഴിയുന്ന ഫലങ്ങൾ ഏറെ മധുരമുള്ളതായിരിക്കും. ഒരു പക്ഷേ അതിന്റെ മാധുര്യം നിങ്ങൾക്ക് അറിയാൻ കഴിയുന്നത് പരലോകത്തു വെച്ചായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗം ചെയ്യാൻ കഴിവുണ്ടായിരിക്കുകയും എന്നാൽ ഈ മഹനീയമായ പ്രവൃത്തിയിൽ തത്ക്കാലം ശ്രദ്ധ ചെലുത്താതിരിക്കുകയും ചെയ്യുന്ന, ജമാ അത്തിലെ നവാഗതരോട് എനിക്കു പറയാനുള്ളത് ഇതാണ് - അല്ലാഹു നിങ്ങൾക്കു നൽകി അനുഗ്രഹിച്ചിരിക്കുന്ന സമ്പത്തിൽ നിന്ന് ഒരു ഭാഗം നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവുചെയ്യുക. അതു ജനങ്ങളെ അന്ധകാരത്തിൽ നിന്നു മാറ്റി അല്ലാഹുവിന്റെ പ്രകാശത്തിലേക്കു നയിക്കാൻസഹായകമാകുന്നു. അതിനാൽ ജമാ അത്തു സഹീഹ് അൽ ഇസ്‌ലാം ഇക്കാര്യത്തിൽ ശ്രദ്ധിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനത്യാഗം ചെയ്യുകയും ചെയ്താൽ അല്ലാഹു നമ്മിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന ചുമതലകൾ അനായാസേന ചെയ്തു പൂർത്തിയാക്കാൻ കഴിയും. ഈ ജമാ അത്തിൽ അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട ദൂതനാണുള്ളത്. അദ്ദേഹം നിങ്ങൾക്കിടയിൽ തന്നെയുണ്ട്. അതിനാൽ ജമാ അത്ത് അംഗങ്ങളുടെ ധനത്യാഗം ഉദ്ദേശ്യശുദ്ധി ഉള്ളതാണെങ്കിൽ അവർ തന്നെ അതിനൊരു മാർഗ്ഗം കണ്ടെത്തുന്നതാണ്. കാരണം ഈ ജമാ അത്ത് അല്ലാഹുവിന്റ വെളിപാടുകളാൽ അനുഗ്രഹീതമാണ്. വിധി നിർണ്ണയ നാൾ വരെയും ഈമഹനീയ പ്രവർത്തികൾ ജമാഅത്തു സഹീഹ് അൽ ഇസ്‌ലാമിന്റെ ചരിത്രതാളുകളിൽ നിലനിൽക്കും. നിങ്ങൾ ഇപ്പോൾ ഇഹലോകത്തിൽ നട്ടു വളർത്തുന്ന നല്ല പ്രവൃത്തികൾ എന്ന വൃക്ഷത്തിന്റെ ആത്മീയഫ

ലങ്ങൾ നിങ്ങളുടെ അടുത്ത തലമുറയ്ക്കും അതിനുശേഷം വരാനിരിക്കുന്ന തലമുറകൾക്കും പ്രയോജനപ്പെടും. ഇൻശാ അല്ലാഹ്, നിങ്ങൾക്കാകട്ടെ അതിന്റെ ഫലങ്ങൾ പരലോകത്തു വെച്ചു കൊയ്തെടുക്കാനും കഴിയും!

ഈ നൂറ്റാണ്ടിന്റെ ഖലീഫത്തുള്ള എന്ന നിലയിൽ ഇക്കാര്യത്തിൽ എനിയ്ക്കു പ്രതീക്ഷയുണ്ട്. ഭൂമുഖത്ത് പല രാജ്യങ്ങളിലായുള്ള എന്റെ പ്രിയപ്പെട്ട അനുയായികൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗത്തിൽ ശ്രദ്ധചെലുത്തട്ടെ വളരെ നല്ല ഉദ്ദേശ്യത്തോടു കൂടിത്തന്നെ അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവു ചെയ്യട്ടെ. അത് ഒട്ടും കുറയാതിരിക്കട്ടെ അതിനായി കൈകൾ മടിയ്ക്കാതിരിക്കട്ടെ. മനസ്സു മടുക്കാതിരിക്കട്ടെ അങ്ങനെയായാൽ നിങ്ങളുടെ സമ്പത്തിനു മേൽ ഇൻശാ അല്ലാഹ്, അല്ലാഹു എപ്രകാരമാണ് അനുഗ്രഹങ്ങൾ വർഷിപ്പിക്കാൻ പോകുന്നത്. എന്ന് നിങ്ങൾക്കു തന്നെ നോക്കിക്കാണാൻ കഴിയും. മൗറീഷ്യസിലെ ജമാഅത്തു മാത്രമല്ല ഞാൻ ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര ജമാഅത്തു സഹീഹ് അൽ ഇസ്ലാം (Jamaat ul sahih al Islam-International) ആണ് എന്റെ കൺമുന്നിനുള്ളത്!

നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അല്ലാഹുവിനു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ പുരോഗതിയ്ക്കായി ധനത്യാഗം ചെയ്യുമ്പോൾ നിങ്ങൾ ഒരിക്കലും ദരിദ്രരാവുകയില്ല. നിങ്ങൾക്കു ഭക്ഷണപാനീയങ്ങൾ ഇല്ലാതാവുകയില്ല. നിങ്ങൾക്കു കടബാദ്ധ്യതകൾ ഉണ്ടാവുകയില്ല. അല്ലാഹു നിങ്ങൾക്ക് എത്രത്തോളം പ്രതിഫലങ്ങൾ തരാൻ ആഗ്രഹിക്കുന്നുവോ അത്രയേറെ തന്നുകൊണ്ടിരിക്കും സർവ്വശക്തനായ അല്ലാഹുവിന്റെ മതത്തിന്റെ പുരോഗതിയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അല്ലാഹുവിന്റെ ദൂതനെ സഹായിക്കുവാനായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവുചെയ്യുമ്പോൾ അത് അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള സ്നേഹത്തിന്റെ പ്രതീകമായിത്തീരുന്നു. അതിന്റെ പ്രതിഫലങ്ങൾ അനുഭവിക്കുവാൻ കഴിയുന്നത് അസാധാരണവും വിസ്മയജനകവുമായ ഒരു കാര്യമായിരിക്കും നിങ്ങളുടെ സമ്പത്തിലും ആരോഗ്യത്തിലും അനുഗ്രഹങ്ങൾ ഉണ്ടാകും. നിങ്ങളുടെ സന്തോഷങ്ങളിൽ ഒരു ഭൗതികാതീത ശക്തിയുടെ സാന്നിദ്ധ്യവും ഒരു ദിവ്യഭാവവും കാണുവാൻ കഴിയും. നമ്മുടെ ജമാഅത്തു മാത്രമല്ല, നിങ്ങൾ പ്രവർത്തിക്കുന്ന സംഘടനാവ്യവസ്ഥയും ആരോഗ്യമുള്ളതായിത്തീരും. സമാധാനവും പ്രശാന്തതയും കൈവരും- ഇൻശാ അല്ലാഹ്.

അല്ലാഹുവിന്റെ ഈ വിനീതദാസനെ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്ത ജനതയുള്ള രാജ്യം അഥവാ ജമാഅത്തു സഹീഹ് അൽ ഇസ്ലാമുമായി ബന്ധമുള്ള രാജ്യം അത് ഏതുമാവട്ടെ, ആ രാജ്യത്തിന്റെ സ്ഥിതി എന്തു നിലയിൽ തന്നെ ആയാലും അതിലെ ജനത എന്റെ ഈ വിളിയ്ക്കു ചെവി നൽകാതിരിക്കുകയും പുറം തിരിഞ്ഞു കളയുകയും ചെയ്യരുത്. അങ്ങനെ ചെയ്താൽ അതിന്റെ ഭവിഷ്യത്ത് ഏറെ ഗുരുതരമായിരിക്കും ഇതിനു കാരണം അവർ എന്നെ ഗൗനിക്കുന്നില്ല എന്നതല്ല ആരുടെ കൈകളിലാണോ അവരുടെ ജീവനും ആരോഗ്യവും ഭക്ഷണവും സ്ഥാനമാനങ്ങളും മറ്റെല്ലാ കാര്യങ്ങളും ഉള്ളത്. ആരാണോ അവരെ സൃഷ്ടിച്ചത്, സർവ്വശക്തനായ ആ അല്ലാഹുവിനെ അവർ തൃണവദ്ഗണിക്കുന്നു എന്നതാണ് അതിനു കാരണം. അല്ലാഹുവിന് അവർ ചെവി നൽകുന്നില്ല. പുറം തിരിഞ്ഞു മാറിക്കളയുന്നു. അതിനാൽ അരുതാത്തതും അല്ലാഹുവിന്റെ കോപം ഉണ്ടാകാൻ ഇടയുള്ളതുമായ ഏതൊരു പ്രവർത്തിയും ചെയ്യുന്നതിനു മുൻപ് ഇക്കാര്യത്തെ ക്കുറിച്ച് നല്ലതുപോലെ ചിന്തിക്കുക. ഏറ്റവും കുറഞ്ഞപക്ഷം ഈ ലോകത്തു നിന്നും വിടവാങ്ങുന്നതിനു മുൻപായി അഥവാ നിങ്ങളുടെ റബ്ബുമായുള്ള കൂടിക്കാഴ്ചയ്ക്കു മുൻപായെങ്കിലും അല്ലാഹുവിനു സംതൃപ്തികരമായ നല്ല പ്രവർത്തികൾ ചെയ്യുക. സർവ്വശക്തനായ അല്ലാഹുവിനു മുൻപിൽ നിങ്ങൾ സ്വയം സന്നിഹിതരാകുമ്പോൾ നിങ്ങൾ ചെയ്ത നല്ല പ്രവർത്തികളുമായി നിങ്ങൾക്ക് അല്ലാഹുവിനു മുൻപിൽ നിൽക്കാൻ കഴിയട്ടെ ഇൻശാഅല്ലാഹ് ആമീൻ.

**ഖലീഫത്തുല്ലായുടെ അപേക്ഷ**

ഈ നൂറ്റാണ്ടിന്റെ ഖലീഫത്തുല്ല എന്ന നിലയിൽ ഈ ലോകത്തുള്ള എന്റെ എല്ലാ ഓരോ അനുയായികൾക്കു മുന്നിലും ഒന്നൊഴിയാതെ ഞാനൊരു പ്രാർത്ഥന അഥവാ അപേക്ഷ മുന്നോട്ടുവയ്ക്കുകയാണ്- നിങ്ങൾ ധനത്യാഗത്തിനു തയാറാവുക. കാരണം ലോകത്തെമ്പാടുമായി നമുക്ക് മതപരമായ ഒരുപാടു കാര്യങ്ങൾ ചെയ്യേണ്ടതായുണ്ട്.

1) നാം എഴുതിയ 65 ലേറെ പുസ്തകങ്ങൾ പല ഭാഷകളിലായി പ്രസിദ്ധീകരിക്കണം.

2) അൽ അസിം തഫ്സൂറുൽ ഖുർആന്റെ ഒരുപാടു വാല്യങ്ങൾ തയാറായിക്കഴിഞ്ഞു. അതു മറ്റു ഭാഷകളിലും പ്രസിദ്ധീകരിക്കണം.

3) ലോകത്തെമ്പാടുമായി ജമാഅത്തുസഹീഹ് അൽ ഇസ്ലാമിന്റെ ഉദ്ഗ്രഥനത്തിനായി പരിശ്രമിക്കുന്ന ഒരു ജനതയുണ്ട്. നമുക്ക് അവരെ സംരക്ഷിക്കണം. എല്ലാ രാജ്യങ്ങളിലും പോയി പ്രവർത്തിക്കുവാനും അവരെ സഹായിക്കുവാനും നമുക്ക് മതപ്രചാരകന്മാരെ അഥവാ മിഷനറിമാരെ ആവശ്യമുണ്ട്. വിശുദ്ധ ഖുർആൻ, ഹദീസുകൾ, ഹ. മീർസാ ഗുലാം അഹ്മദ് (അ) നാൽ രചിയ്ക്കപ്പെട്ട മഹദ്ഗ്രന്ഥങ്ങൾ മറ്റു മുജദ്ദിദീങ്ങളാൽ രചിയ്ക്കപ്പെട്ട ഗ്രന്ഥങ്ങൾ- ഇവയെ ക്കുറിച്ചെല്ലാം അവർക്കു പരിജ്ഞാനം വേണം. അറബിക്ക്, പേർഷ്യൻ, ഇംഗ്ളീഷ്, ഫ്രഞ്ച്, മറ്റു ഭാഷകൾ - ഇതൊക്കെ പരിചയമുള്ള അറിവുള്ള മതപ്രചാരകന്മാരെയാണ് ജനതയ്ക്ക് ആവശ്യം.

4) മതപ്രചാരകന്മാരെ നമുക്ക് നമ്മുടെ ജനതയിൽ നിന്നു തന്നെ രൂപപ്പെടുത്തിയെടുക്കണം. യഥാർത്ഥ ഇസ്ലാമിനെ അഥവാ സഹീഹിൽ-ഇസ്ലാമിനെ പ്രചരിപ്പിക്കുവാനും ദീനീപ്രവർത്തനങ്ങൾ (മതപരമായ പ്രവർത്തനങ്ങൾ) ചെയ്യുവാനും അവർ അവരെത്തന്നെ സമർപ്പിക്കുന്നവരായിരിക്കണം. ജമാഅത്തു സഹീഹ് അൽ ഇസ്ലാമിന്റെ ഉദ്ഗ്രഥനത്തിനായി പ്രവർത്തിക്കുന്നവരുടെ അഥവാ മിഷനറിമാരുടെ എണ്ണത്തിനല്ല മറിച്ച് ഗുണത്തിനാണ് നാം പ്രാധാന്യം നൽകുന്നത്. അവർ അല്ലാഹുവിനെ ഭയപ്പെടുന്നവരും നന്മ നിറഞ്ഞവരും ആയിരിക്കണം-മുത്തഖികൾ ആയിരിക്കണം-ഇൻശാഅല്ലാഹ്.

5) മിഷനറിമാരെ പുറം രാജ്യങ്ങളിലേക്ക് അയക്കുമ്പോൾ നാം അവർക്കു ധനം നൽകേണ്ടതുണ്ട് അവർക്കും അവരുടെ കുടുംബത്തിനുമുള്ള യാത്രാ ചെലവുകൾ, ഭക്ഷണം, ദീനി പ്രവർത്തനങ്ങൾ ഇതിനെല്ലാമായി ആ ധനം പ്രയോജനപ്പെടണം.

6) ജമാ അത്തു സഹീഹ് അൽ ഇസ്ലാം സ്ഥാപിതമായ എല്ലാ രാജ്യങ്ങളിലും പള്ളി പണിയുവാനും മത വിദ്യാഭ്യാസത്തിനുള്ള വിദ്യാലയവും ഔദ്യോഗിക കാര്യാലയവും മിഷൻ ഹൗസും സ്ഥാപിക്കുവാനുമായി ഒരു സ്ഥലം വാങ്ങേണ്ട സമയം ആയിക്കഴിഞ്ഞിരിക്കുന്നു.

7) ഇൻശാ അല്ലാഹ് ജമാഅത്തു സഹീഹ് അൽ ഇസ്ലാം സ്വന്തമായി ഒരു സർവ്വകലാശാല സ്ഥാപിക്കേണ്ടതുണ്ട്. (Jamia and Darul-Uloom) ഇസ്ലാംമത സേവനത്തിനായി സ്വയം സമർപ്പിക്കുവാനും പുറം രാജ്യങ്ങളിൽ പോയി ജോലി ചെയ്യുവാനും തയാറുള്ള യുവജനതയെ വാർത്തെടുക്കുകയാണ് ഉദ്ദേശ്യം. ഇംഗ്ളീഷ്, ഫ്രഞ്ച് തുടങ്ങിയ ഭാഷകൾ സംസാരിക്കുന്ന രാജ്യങ്ങളിലും ഇൻശാഅല്ലാഹ് നമുക്കൊരു മിഷനറി സർവകലാശാല വേണം. ഇന്ത്യ, മായോട്ട്, റിയൂണിയൻ ദ്വീപ്, മൗറീഷ്യസ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ എല്ലാം തന്നെ നമുക്ക് വിദ്യഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കണം. അവിടെയെല്ലാം അദ്ധ്യാപകരെയും കാര്യനിർവാഹകരെയും നമുക്ക് ആവശ്യമുണ്ട്. ഈ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും ജോലിക്കാർക്കും ഉദ്യോഗസ്ഥർക്കും

ശമ്പളം നൽകുന്നതിനും നമുക്ക് ധനം ആവശ്യമുണ്ട്.

8) ഇൻശാ അല്ലാഹ്, നമുക്ക് ആത്മീയതയ്ക്കു മാത്രം പ്രധാന്യം നൽകുന്ന ഒരു സ്വകാര്യ റേഡിയോ വേണം. ഇൻശാഅല്ലാഹ്, ക്രമേണ നമുക്ക് നമ്മുടേതായ ഒരു അച്ചടിസ്ഥാപനം (Press) കൂടി വേണം.

9) മൗറീഷ്യസിൽ തന്നെ നമുക്ക് ഒരു വലിയ ഭാഗം ഭൂമി ആവശ്യമുണ്ട്. ഉത്തുംഗമായ ഒരു പള്ളി, അതിഥിമന്ദിരം, സർവകലാശാല, കൂടിയാലേചനമുറി എല്ലാ സംവിധാനങ്ങളോടും കൂടിയ കൂടിയാലോചനാ മുറി (Conference Room ) ആരോഗ്യകേന്ദ്രം (Medical Centre) എന്നിവ സ്ഥാപിയ്ക്കുവാനാണിത്. ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ മാരും ദന്തഡോക്ടർമാരും ഒരു കുറവും കൂടാതെ മാനവിക സേവനത്തിനായി ഉണ്ടായിരിക്കേണ്ടതാണ്. ഇവിടെ ജോലിക്കായി വരുന്നവർക്ക് എല്ലാം അഭയസ്ഥാനം അഥവാ പാർപ്പിട സൗകര്യം നൽകേണ്ടതുണ്ട്. അതിനായി വീടുകൾ പണിയണം. നമ്മുടെ ദീനീ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതി വേണ്ടി വിശ്വസനീയമായ ഒരു വാഹനസൗകര്യം ഏർപ്പാടു ചെയ്യണം. വാഹനം വാങ്ങണം. കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും വിദ്യഭ്യാസ സൗകര്യം ലക്ഷ്യമാക്കിക്കൊണ്ടുള്ള നമ്മുടെ ദാവാ അക്കാദമിയും (Dava Academy) മറക്കാൻ പാടില്ല. ഇതു മാത്രമല്ല- ഈദു നമസ്കാരം നടത്താനും ജലസാസലാനാ (വാർഷിക സമ്മേളനം) സംഘടിപ്പിക്കുവാനും നമുക്ക് സ്ഥലം ആവശ്യമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏകദേശം 15 - 20 ഏക്കർ വരുന്ന ഒരു സ്ഥലം ഞാൻ നേരത്തെതന്നെ കണ്ടു വെച്ചിട്ടുണ്ട്. ഇതെല്ലാം തന്നെ ധനം ധാരാളം ആവശ്യമുള്ള കാര്യങ്ങളാണ്. പക്ഷേ ഒന്നും അസാധ്യമല്ല. അല്ലാഹുവിന്റെ സഹായമുണ്ടെങ്കിൽ അസാധ്യം എന്നുതോന്നുന്നത് സാധ്യമായിത്തീരും.

10) ഒരു സഹോദരൻ ജമാഅത്തിനു നൽകിയ കുറച്ചു സ്ഥലം മായോട്ടിൽ (Mayotte) ഉണ്ട്. അധികം താമസിയാതെ തന്നെ നമുക്കവിടെ ഒരു പള്ളിയും ഇമാം ഭവനവും മതവിദ്യാലയവും സ്ഥാപിക്കണം. ഒരു മിഷനറിയെ അങ്ങോട്ടയക്കുവാനുള്ള ഏർപ്പാടുചെയ്യണം. മായോട്ട് ഒരു ഫ്രഞ്ചു കോളനി ആയതിനാൽ അവിടുത്തെ നാണയം യൂറോ (Euro) ആണ്. റോഡ്രൂഗ്സിലും (Rodrigues) ഇതു പോലൊന്ന് സ്ഥാപിക്കേണ്ടതുണ്ട്. നവംബർ 2012-ലാണ് അതിന്റെ അവസാന ഗഢു അടച്ചു തീർക്കേണ്ടത് ഇൻശാഅല്ലാഹ് അതിനു ശേഷം ഇതുമായി ബന്ധപ്പെട്ട പേപ്പർ കാര്യങ്ങൾ ആത്യന്തികമായി തീർപ്പാക്കുന്നതാണ്. അതോടുകൂടി നമുക്കിവിടെ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും മറ്റു രാജ്യങ്ങളിലും ഇതു പോലെ ചെയ്യേണ്ടതാണ്.

11) ജമാഅത്തു സഹീഹിൽ ഇസ്‌ലാമിനു ഹസ്രത്ത് മീർസാ ഗുലാം അഹ്മദ് (അ) ന്റെ എല്ലാ പുസ്തകങ്ങളും പല ഭാഷകളിലേക്കു പരിഭാഷപ്പെടുത്തുവാനുള്ള പ്രത്യേകാവകാശമുണ്ട്. ഇതിനാവശ്യമായ സാമ്പത്തിക വിഭവങ്ങൾ ഏറെ ഉണ്ടായിരുന്നിട്ടും അഹ്മദിയ്യാ ജമാഅത്ത് നാളിതുവരെ വാഗ്ദത്തമസീഹ് (അ) ന്റെ പല പുസ്തകങ്ങളും പരിഭാഷപ്പെടുത്തിയിട്ടില്ല. എന്നാൽ ഇൻശാ അല്ലാഹ് ജമാഅത്തു സഹീഹ് അൽ ഇസ്‌ലാം ഈ ഉദ്യമത്തിൽ വിജയം കൈവരിയ്ക്കും.

ഈ കാലഘട്ടത്തിന്റെ ഖലീഫത്തുല്ല എന്ന നിലയിൽ എല്ലാ രാജ്യങ്ങളിലുമുള്ള ജമാഅത്തു സഹീഹിൽ ഇസ്‌ലാമിൽ തുടങ്ങിവെച്ചിരിക്കുന്ന ധനസംഭരണമാണ് മുഖദ്ദം ഫണ്ട്. (Muqaddam fund). പള്ളികളും മതവിദ്യാലയങ്ങളും മിഷൻ ഹൗസുകളും മറ്റും നിർമ്മിക്കുന്നതിനും ശ്മശാനത്തിനായുള്ള സ്ഥലം വാങ്ങുന്നതിനുമാണ് ഈ ധനസംഭരണം.

ഇക്കാര്യത്തിൽ ജമാഅത്ത് സഹീഹിൽ ഇസ്‌ലാമിന് ഒരു പ്രത്യേക അനുഗ്രഹം തന്നെയുണ്ട്. ദിവ്യവെളിപാടിന്റെ അഥവാ ദിവ്യമായ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ ദൂതൻ തന്നെയാണ് ഈ ആവശ്യം മുന്നോട്ടു വയ്ക്കുന്നത് എന്നതാണ് അത്. സ്വർഗ്ഗത്തിൽ നിന്നും വരുന്ന ഈ ദിവ്യമായ സന്തോഷം ലഭിക്കുന്ന ആരും തന്നെ ഇന്നില്ല. അതിനാൽ ഇതിന് അടിസ്ഥാനപരമായും അത്യാവശ്യമായും വേണ്ടത് വിശ്വാസമാണ്. സർവ്വശക്തനായ അല്ലാഹു ധനത്യാഗത്തിന്റെ ആവശ്യകതയെ വിശ്വാസവുമായി അഥവാ ഈമാനു

മായി ബന്ധപ്പെടുത്തിയിരിക്കുന്നു. എന്നാലും വിശ്വാസത്തിനാണ് ആദ്യത്തെ പരിഗണന അഥവാ മുൻതൂക്കം നൽകിയിരിക്കുന്നത്. യഥാർത്ഥ വിശ്വാസത്തിൽ നിന്നാണ് ആത്മാർത്ഥമായ ധനത്യാഗം വരുന്നത് എന്നതു തന്നെയാണു സത്യവും.

എല്ലാ അമീർമാരോടും സാമ്പത്തിക സെക്രട്ടറിമാരോടും ഞാൻ ഈ കാര്യം അവതരിപ്പിക്കു കയാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവുചെയ്യാനുള്ള ആഹ്വാനത്തെ ജനങ്ങൾ പരിഗണിക്കണം അതിനായി നിങ്ങൾ അങ്ങേയറ്റം ആത്മാർത്ഥമായി പ്രവർത്തിക്കണം. എത്രയും വേഗം തന്നെ എനിക്കു റിപ്പോർട്ടുകൾ അയച്ചു തരണം. സാഹചര്യങ്ങൾ എങ്ങനെ എന്നും നമ്മുടെ അംഗങ്ങൾ എന്തു സംഭാവന ചെയ്തു എന്നും ആരൊക്കെ സഹകരിക്കുന്നു എന്നും അരൊക്കെ ഈആഹ്വാനത്തിനു ചെവി കൊടുക്കു ന്നില്ല എന്നും എന്നെ അറിയിക്കണം. നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ കത്തു വഴിയോ ഇ-മെയിൽ (e-mail) വഴിയോ എന്നെ അറിയിക്കുവാൻ മടിക്കരുത്. ലോകത്തിലെ എല്ലാ ഓരോ ജമാഅത്തും പ്രത്യേകിച്ചും അമീർ, സാമ്പത്തിക സെക്രട്ടറി എന്നിവർ ഈ മേഖലയിൽ ഒരുപാടു പ്രയ ത്നിച്ചേ മതിയാകൂ.

ലോകത്തുള്ള നമ്മുടെ ജമാഅത്ത് അംഗങ്ങളിൽ വിശ്വാസം രൂഢമൂലമാകുന്നതു പോലെ തന്നെ ധനത്യാഗത്തിലുള്ള വിശ്വാസവും വളരണം. ഇതു സത്യവും അതുല്യവുമായ ഒരു ആനന്ദമാണ്. അല്ലാഹു നമ്മുക്ക് ഈ സന്തോഷം നിലനിർത്തിതരട്ടെ. അതിനായി നാം നമ്മുടെ വിശ്വാസത്തെ (ഈമാൻ) കാത്തു സൂക്ഷിക്കേണ്ടതുണ്ട്. അല്ലാഹു നമ്മുടെ വിശ്വാസത്തെ (ഈമാനെ) വർദ്ധിപ്പിച്ചു തരട്ടെ. ഇൻശാ അല്ലാഹ് ആമീൻ .

ഞാൻ എന്റെ പ്രഭാഷണം ഇവിടെ നിർത്തുന്നു. ഇനി വാർഷിക സമ്മേളനം 2012 (Jalsa Salana) ഉദ്ഘാടനം ചെയ്തുകൊണ്ടു ഞാൻ സംസാരിക്കുന്നതാണ്. ഇൻശാ അല്ലാഹ്.

Issued by
***R. Jamaludin Raother***
*Amir*
*Jamaat-Ul-Sahih-Al-Islam, Kerala*
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated**
***Dr. Haseena M Fazil***